പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 328 — 30/01/2014 ൽ മറുപടിയ്ക്ക്

## ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>,, പി. ശ്രീരാമകൃഷ്ണൻ<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, പുരുഷൻ കടലുണ്ടി | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം സമയബന്ധിതമായി അർഹരായവർക്ക് ലഭ്യമാക്കും വിധം കാലോചിതമായ മാനദണ്ഡത്തിന് രൂപം നൽകാൻ തയ്യാറാകുമോ; ഈ അധികാരവും ഫണ്ടും വികേന്ദ്രീകരിക്കാൻ ഉദ്ദേശ്യമുണ്ടോ ; | (എ) അർഹരായ എല്ലാ അപേക്ഷകർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ട്.<br><br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയായി നിശ്ചയിച്ചിട്ടുള്ള പരമാവധി വാർഷിക വരുമാന പരിധി ഇരുപതിനായിരം രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും റവന്യൂ വകുപ്പ് മന്ത്രിക്ക് അനുവദിക്കാവുന്ന തുകയായ 2,000/- രൂപ 5000/- രൂപയായും, ജില്ലാ കളക്ടർമാർക്ക് അനുവദിക്കാവുന്ന തുകയായ 1000/- രൂപ, 2000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ചികിത്സയ്ക്കായി ആവശ്യമെന്ന് ബോദ്ധ്യപ്പെട്ടാൽ മറ്റ് അന്വേഷണങ്ങൾ കൂടാതെയും, പ്രത്യേക സാഹചര്യങ്ങളിൽ മറ്റ് ആവശ്യങ്ങൾക്കും പതിനായിരം രൂപ വരെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെ മന്ത്രിസഭയുടെ അനുമതി കൂടാതെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. ഒരു ലക്ഷം രൂപയിൽ കൂടുതൽ ധനസഹായം അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്. |

ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന അപേക്ഷയിൻമേൽ തീരുമാനം എടുക്കുന്നതിന് ശരാശരി എത്ര ദിവസത്തെ കാലതാമസം നേരിടുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന അപേക്ഷയിൻമേൽ തീരുമാനം എടുക്കുന്നതിന് അനാവശ്യമായ കാലതാമസം നേരിടുന്നില്ല. |
| (സി) മുഖ്യമന്ത്രിക്ക് ഓഫീസിൽ നേരിട്ട് നൽകിയിട്ടും ധനസഹായം ലഭിക്കാത്ത അപേക്ഷകർക്ക് ജനസമ്പർക്ക പരിപാടിയുടെയും മറ്റും ഭാഗമായി സഹായം അനുവദിക്കുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക യഥാസമയം നൽകാതിരുന്നതിനോ, ഉത്തരവ് നടപ്പാക്കാത്തതിന്റെ പേരിലോ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതായി വന്നിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക യഥാസമയം നൽകാതിരുന്നതിനോ, ഉത്തരവ് നടപ്പാക്കാത്തതിന്റെ പേരിലോ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതായി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ.